# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1737 — 03.05.2017 – ൽ മറുപടിക്ക്

## പട്ടിക വർഗ്ഗ മേഖലകളിൽ മൊബൈൽ റേഷൻ വിതരണം

### ചോദ്യം

ശ്രീ.പി.വി. അൻവർ :

(എ) ആദിവാസി പട്ടിക വർഗ്ഗ മേഖലകളിൽ, പ്രത്യേകിച്ചും കോളനികളിൽ താമസിക്കുന്നവർക്ക് അവരുടെ തൊഴിലിന്റെയും മറ്റും രീതിയനുസരിച്ച് കടകളിൽ ചെന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കോളനികളിൽ നേരിട്ട് മൊബൈൽ റേഷൻ യൂണിറ്റ് വഴി റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും പത്തനംതിട്ട, തൃശ്ശൂർ ജില്ലകളൊഴികെ മറ്റൊരു ജില്ലകളിലും ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിക്കുകയോ പരാതി ശ്രദ്ധയിൽ പ്പെടുകയോ ചെയ്തിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ ഉൾവന പ്രദേശങ്ങളിലടക്കം നാടോടികളായി ദൂരസ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് താമസം മാറുന്ന ആദിവാസി വിഭാഗത്തിൽ പ്പെട്ടവരിൽ ചിലർക്ക് റേഷൻ വാങ്ങുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയിലെ ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ ആദിവാസി വിഭാഗത്തിലുള്ളവരുടെ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലുള്ള റേഷൻ വാങ്ങി നൽകാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ ഇവർക്ക് റേഷൻ നൽകാനുള്ള നിർദ്ദേശം ബന്ധപ്പെട്ട റേഷൻ വ്യാപാരികൾക്കും നൽകിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ വിവിധ ഭാഗങ്ങളിലായി 19 ആദിവാസി ഊരുകൾ ഉണ്ട്. ഈ ഊരുകളിൽ 299 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഈ കുടുംബങ്ങളിലെ 299 റേഷൻ കാർഡുകൾ വിവിധ റേഷൻ കടകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത റേഷൻ കടകളിലേക്ക് 1.5 കി.മീ. മുതൽ 25 കി.മീ വരെ ദൂരം ഇവർ സഞ്ചരിക്കേണ്ടതായി വരുന്നു. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ വനം വകുപ്പിന്റെ വാഹനത്തിൽ മാസത്തിൽ 2 ദിവസം ആദിവാസി ഊരുകളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ